# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7873 — 23-07-2012-ൽ മറുപടിയ്ക്ക്

## പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ, കിളിമാനൂർ, കല്ലമ്പലം പോലീസ് സ്റ്റേഷനുകളുടെ പരിസരത്ത് വിവിധ കേസുകളുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ട വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ ; | (എ) ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ കൂട്ടിയിട്ടിരുന്ന വാഹനങ്ങളിൽ ചെയ്സിസ് നമ്പർ, എഞ്ചിൻ എന്നിവ ഇല്ലാത്ത വാഹനങ്ങൾ ലേലം ചെയ്ത് കൊടുത്തിട്ടുണ്ട്. ബാക്കി സ്റ്റേഷൻ കോമ്പൗണ്ടിൽ കിടക്കുന്ന വാഹനങ്ങൾ വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കിളിമാനൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ കൂട്ടി ഇട്ടിരുന്ന വാഹനങ്ങളിൽ 52 വാഹനങ്ങൾ ലേലം ചെയ്ത് കൊടുത്തിട്ടുണ്ട്. ബാക്കി വാഹനങ്ങൾ ലേലം ചെയ്യുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കല്ലമ്പലം പോലീസ് സ്റ്റേഷനിൽ 28 വാഹനങ്ങൾ ലേലം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ബാക്കി വാഹനങ്ങൾ ഡിസ്പോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ബി) | പൊതുജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിലാണ് വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ